(ഡി) ഇല്ലെങ്കിൽ തമിഴ്നാടിന് നോട്ടീസ് നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇല്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളൂ.

(സി)&(ഡി) ഇല്ല. പരസ്പര ധാരണപ്രകാരം പാട്ടത്തുക പുതുക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

നിലം നികത്തലിനെതിരായ സമരത്തിനോട് അനുബന്ധിച്ച് നാശനഷ്ടം സംഭവിച്ച കൃഷിക്കാർ

21 (676)ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലം നികത്തലിനെതിരായ സമരത്തിനോട് അനുബന്ധിച്ച് നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ തീരുമാനം എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) സാമുദായിക രാഷ്ട്രീയ സംഘടനകളിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകിയ സാഹചര്യത്തിൽ കർഷകർക്ക് ഉണ്ടായ നഷ്ടത്തിനും സഹായം നൽകണമെന്ന ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ഡി) കെ.എസ്.കെ.ടി.യു. നടത്തിയ നിലം നികത്തലിനെതിരെ ഉള്ള സമരങ്ങളിൽ എത്ര രൂപയുടെ നഷ്ടം കൃഷിക്കാർക്ക് ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ ഒഴിവുകൾ

22 (677)ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിൽ 1987-ന് ശേഷം ഇതുവരെ ഏതെല്ലാം തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികകളിൽ 1987-ൽ ഈ കോർപ്പറേഷനിൽനിന്നും പിരിച്ചുവിട്ട എത്രപേർക്ക് സുപ്രീംകോടതി വിധി അനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്; ആർക്കൊക്കെ;

(സി) വെയർഹൗസിംഗ് കോർപ്പറേഷനിൽ 2000 മേയ് മാസങ്ങളിൽ ഏതെല്ലാം തസ്തികകളിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly